പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.559

27.10. 2016-ൽ മറുപടിക്ക്

## സമഗ്ര തീരദേശ മാനേജ്മെന്റ് പ്ളാൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ബി. സത്യൻ**<br>**ശ്രീ. വി.കെ.സി മമ്മത് കോയ**<br>**ശ്രീ.എ.എൻ ഷംസീർ**<br>**ശ്രീ. കെ ആൻസലൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | തീരദേശസംരക്ഷണവും മത്സ്യത്തൊഴിലാളി സുരക്ഷയും ലക്ഷ്യമാക്കിയുള്ള സമഗ്ര തീരദേശ മാനേജ്മെന്റ് പ്ളാൻ തയ്യാറാക്കുന്നതിനായി സംഘടിപ്പിച്ച ശില്പശാലയിൽ ഉയർന്നു വന്ന മുഖ്യ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; | (എ) | തീരദേശ സംരക്ഷണവും മത്സ്യത്തൊഴിലാളി സുരക്ഷയും ഉറപ്പാക്കുന്നതിനായി ഫിഷറീസ് വകുപ്പും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനും സംയുക്തമായി ഒരു സമഗ്ര തീരദേശ പരിപാലന പരിപാടി (ICZMP) തയ്യാറാക്കുന്നതിലേക്ക് ലക്ഷ്യമിട്ടു നടത്തിയ ദ്വിദിന ദേശീയ ശില്പശാലയിൽ സംയോജിത തീരദേശ വികസനം, തീരസംരക്ഷണം, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും ജീവനോപാധിയും എന്നീ വിഷയങ്ങളിൽ മേഖലയിലെ ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധർ, മത്സ്യത്തൊഴിലാളി പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെയുള്ളവരുടെ നിരവധിയായ നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയു ണ്ടായി. ദ്വിദിന ദേശീയ ശില്പശാലയുടെ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) | ശില്പശാലയിൽ ഉയർന്നു വന്ന നിർദ്ദേശപ്രകാരം സംയോജിത തീരദേശ മേഖല പരിപാലന പരിപാടി തയ്യാറാക്കുന്നതിന് ഫിഷറീസ് വകുപ്പ് മുൻകൈ എടുത്ത് ഒരു കർമ്മ സമിതി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | തീരശോഷണം തടയുന്നതിനും ആഗോള താപനം കൊണ്ടും മറ്റു പ്രകൃതി പ്രതിഭാസങ്ങൾ കൊണ്ടും ഉണ്ടാകുന്ന ദുരന്തമൊഴിവാക്കുന്നതിനുമായി ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | (സി | കർമ്മസമിതിയുടെ പഠനമേഖലകളിൽ തീരസംരക്ഷണം, ദുരന്ത നിവാരണം എന്നീ ഉപ പദ്ധതികൾ ഉൾപ്പെടുന്നു ണ്ട്. സമിതിയുടെ റിപ്പോർട്ടിൽ കേരളതീരത്തിന്റെ പ്രാദേശികമായ പ്രത്യേകതകളും വിഭവ ലഭ്യതയും വിലയിരുത്തി ഉചിതമായ കർമ്മപരിപാടികൾ ഉൾപ്പെടുത്തുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### നിർദ്ദേശങ്ങൾ

I സംയോജിത തീരദേശ പരിപാലന പരിപാടി (ICZMP) തയ്യാറാക്കുന്നതിനായി മേഖലയിൽ പരിചയ സമ്പന്നരായ ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധർ, ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്ന ഒരു കർമ്മസമിതി (Task force) രൂപീകരിച്ച് കരട് റിപ്പോർട്ട് അംഗീകാരത്തിനായി സമയബന്ധിതമായി സർക്കാരിനു സമർപ്പിക്കേണ്ടതാണ്.

II CRZ ഭേദഗതി

1. മത്സ്യത്തൊഴിലാളികളുടെയും തീരദേശ വാസികളുടെയും ഭവന നിർമ്മാണം, അനുബന്ധ സൗകര്യ വികസനം എന്നിവയ്ക്ക് നിലവിലുള്ള നിയന്ത്രണങ്ങളുടെ ഭേദഗതി
   - a. കടൽത്തീരത്ത് 50 മീറ്റർ
   - b. കായൽത്തീരത്ത് 20 മീറ്റർ
2. CRZ III ൽ നിന്നും CRZ II ലേയ്ക്ക് മാറേ ണ്ട തില്ല. വർദ്ധിച്ച ജനസാന്ദ്രത ആനുകൂല്യം പ്രയോജനപ്പെടുത്തി CRZ III ൽ നിന്നും കൂടുതൽ ഇളവുകൾക്കുവേ ണ്ടി CRZ II ലേയ്ക്ക് മാറേ ണ്ട തില്ലയെന്നും നിലവിലെ സ്ഥിതി തുടരണമെന്നും നിർദ്ദേശമു ണ്ട ായി.
3. 2011 വരെയുള്ള Building line അനുവദിക്കുക.
4. തീരദേശ വാസികൾക്ക് മാത്രമുള്ള Panchayath Settlement Scheme, Multi-storied building പദ്ധതികൾക്ക് അംഗീകാരം നൽകുക.
5. സൈലേഷ് കമ്മിറ്റി റിപ്പോർട്ടിന്മേൽ ചർച്ചയും വിശകലനവും തുടർനടപടികളും വേണം.
6. World Bank ന്റെ സഹായത്തോടെ തയ്യാറാക്കുന്ന ICZMP യുടെ അടിസ്ഥാന രേഖ (Concept note) ചർച്ചയ്ക്ക് വിധേയമാക്കണം. ജനപങ്കാളിത്തത്തോടുകൂടി തുടർ വികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം.
8. CRZ ലെ നിലവിലെ സമീപനമായ "നിയന്ത്രണങ്ങൾ" ക്കു പകരം മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനും സമഗ്ര വികസനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും ഉതകുന്ന തരത്തിൽ കാഴ്ചപ്പാടിൽ മാറ്റം കൊ ണ്ടു വരണം.
9. CRZ – നോട്ടിഫിക്കേഷൻ നിലവിൽ വന്നിട്ട് 25 വർഷം ആയെങ്കിലും നാളിതുവരെയും പൊതുജനങ്ങൾക്ക് ടി നിയമങ്ങളെ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു ണ്ടെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. ഇത് പരിഹരിക്കുന്നതിന് വ്യാപകമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ട തു ണ്ടെന്ന് നിർദ്ദേശിക്കുന്നു.

10 നിലവിലുള്ള KCZMA പുനർസംഘടിപ്പിയ്ക്കുകയും ടി കമ്മറ്റിയിൽ മത്സ്യത്തൊഴിലാളിപ്രതിനിധികളെ നിർബന്ധമായും ഉൾപ്പെടുത്തേണ്ട താണ്. ഇതുപോലെ CRZ – നോട്ടിഫിക്കേഷൻ അനുവദിച്ചുള്ള ഇളവുകൾ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് ഒരു ജില്ലാതല കമ്മറ്റി രൂപീകരിക്കുകയും, ടി കമ്മറ്റിയിൽ മത്സ്യത്തൊഴിലാളി പ്രതിനിധികളെയും മത്സ്യ വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥനെയും ഉൾപ്പെടുത്തേണ്ട താണ്.

11 കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതികൾക്ക് CRZ – നോട്ടിഫിക്കേഷൻ ഇളവുകൾ അനുവദിക്കുന്നതിനുവേ ണ്ടി LSGD ബിൽഡിംഗ് നിയമങ്ങളിൽ നിയമഭേദഗതികൾ വരുത്തേതാണ്.

12 CRZ – സോൺ കേരള തീരം ഏകീകൃത സോൺ ആക്കുക CRZ III ആക്കുക. ഗ്രാമപഞ്ചായത്ത് – മുനിസിപ്പൽ കോർപ്പറേഷൻ വേർതിരിവ് ഇല്ലാതെ.

## III തീര സംരക്ഷണ മാർഗ്ഗങ്ങൾ

1. ബീച്ച് അഥവാ മണൽത്തീരം നഷ്ടപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്കെതിരെ കർശന നിലപാടുകളും നിയന്ത്രണങ്ങളും കൊ ണ്ടു വരണം.
2. നിലവിലെ കടൽഭിത്തി ഗ്രോയിനുകൾ, ഹാർബറുകൾ എന്നിവയുടെ Functional performance assessment നിർബന്ധമായും നടത്തണം. ഇത് മത്സ്യത്തൊഴിലാളികൾക്കും തീരദേശ വാസികൾക്കും ഉളവാക്കുന്ന പ്രത്യാഘാതങ്ങൾ ശാസ്ത്രീയമായി വിലയിരുത്തണം.
3. മണൽ അധിഷ്ഠിതമായ തീര സംരക്ഷണത്തിന് മുഖ്യ പ്രാധാന്യം നൽകണം. മണൽ ബീച്ചിൽ നിന്ന് മാറ്റുന്നത് കർശനമായി തടയണം. Dredge ചെയ്യുന്ന മണൽ പ്രത്യേകം സൂക്ഷിച്ച് അത് വീ ണ്ടും ഹാർബറുകളിൽ അടിയാതെ തീരസംരക്ഷണത്തിന് വിനിയോഗിക്കുന്ന സാദ്ധ്യതാ പഠനങ്ങൾ നടത്തണം.
4. Soft measures ന് ഊന്നൽ നൽകുന്ന തീരസംരക്ഷണ രീതി നടപ്പിലാക്കണം.
5. കാലവർഷത്തിന് മുമ്പ് തന്നെ Erosion Hot spot തിരിച്ചറിഞ്ഞ് മണൽ അധിഷ്ഠിതമായ Geo-Textile Tube, മണൽ ചാക്ക് എന്നിവ ഉപയോഗിച്ച് തീരങ്ങൾ മുൻകൂട്ടി സംരക്ഷിക്കണം.
6. മത്സ്യഹാർബറുകളുടെ അശാസ്ത്രീയ നിർമ്മാണം മൂലം കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ അടിയന്തിരമായി തീര സംരക്ഷണത്തിന് വേ ണ്ടു ന്ന നടപടികൾ കൈക്കൊള്ളേ ണ്ട താണ്.
7. കേരളത്തിന്റെ 590 കിലോമീറ്റർ തീരത്തിനും ഒരുപോലെ അനുയോജ്യമായ ഒരു പ്രത്യേക മാർഗ്ഗം നിർദ്ദേശിക്കാനാവില്ലെന്നും erosion ന്റെ ശക്തിയും ഭൂപ്രകൃതിയുമനുസരിച്ച് വിവിധങ്ങളായ soft and hard solution തെരെഞ്ഞെടുക്കണം. അതിനായി ഒരു technical task force അടിയന്തിരമായി നിയമിക്കപ്പെടണം. അവർ തീരവാസികളുടെ വിലപ്പെട്ട local knowledge ഉം കൂടി കണക്കിലെടുത്ത് നിർദ്ദേശങ്ങൾ വയ്ക്കണം. കൽ, മുള, കാറ്റാടി തുടങ്ങിയ coastal vegetation ഉം കടൽഭിത്തി, പുലിമുട്ട് തുടങ്ങിയ കൃത്രിമ മാർഗ്ഗങ്ങളും അവയുടെ കോമ്പിനേഷനും പരിഗണിക്കേണ്ടി വരും.
8. ആവുന്നിടത്തൊക്കെ open beach അനുവദിക്കേണ്ടതും കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടതുമാണ്. അതിനായി മാറ്റിപ്പാർപ്പിക്കുന്ന കുടുംബങ്ങൾക്ക് അവരുടെ സ്ഥലത്തിന് ആ പ്രദേശത്തുള്ള സർക്കാർ വില കണക്കാക്കി തുക നിശ്ചയിക്കേതും നൽകേ ണ്ട തുമാണ്. കേരള തീരം മൊത്തമായി ഒരേ വില നിശ്ചയിക്കുന്നത് ന്യായമാവില്ല. കൂടാതെ അങ്ങനെ സ്വതന്ത്രമാക്കപ്പെടുന്ന തീരം മുള, കാറ്റാടി തുടങ്ങിയവ വച്ചുപിടിപ്പിച്ച് erosion തടയാൻ സജ്ജമാക്കേണ്ട താണ്.
9. കടൽ തീരത്തെ മണലെടുപ്പ് ഔദ്യോഗികമായും അനൗദ്യോഗികമായും നടക്കുന്നു അത് കർശനമായും നിരോധിക്കണം. പകരം sand by passing നടത്തണം. Sea erosion ശക്തമായ ഇടങ്ങളിൽ ഫിഷിംഗ് ഹാർബർ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കേണ്ട താണ്.
10. വളരെ വിദഗ്ദ്ധമായ പഠനം നടത്തി negative externalites ഒഴിവാക്കാനുള്ള മാർഗ്ഗം കാണാതെ പുതിയ ഫിഷിംഗ് ഹാർബറുകളും കൊമേഴ്സ്യൽ പോർട്ടുകളും നിർമ്മിക്കാൻ പാടില്ല. കൊച്ചിയിൽ വിഭാവനം ചെയ്യുന്ന offshore harbour ഉം ഈ പഠനത്തിൽ ഉൾപ്പെടണം.

## IV പുനരധിവാസവും ഉപജീവനവും

1. തീരദേശത്തിന് ഒരു പാർപ്പിട നയം രൂപീകരിക്കണം. കുഞ്ഞു വീടും പരിമിതമായ സ്ഥലവും നൽകി മറ്റൊരു ചേരി നിർമ്മിക്കൽ ആകാതെ ശ്രദ്ധിക്കണം.
2. ഭൂവിനിയോഗ നയം വേണം. "കാട് കാടിന്റെ മക്കൾക്ക് " എന്നതുപോലെ "തീരം കടലിന്റെ മക്കൾക്ക്" എന്ന സമീപനത്തോടെയുള്ള ഭൂവിനിയോഗം നയം ആവിഷ്ക്കരിക്കണം. Exclusive living right to occupational reason.
3. പുനരധിവാസം നടപ്പാക്കുമ്പോൾ അടിസ്ഥാന ആവശ്യങ്ങളായ വിദ്യാഭ്യാസം,

ആശുപത്രി, ഗതാഗത സൗകര്യം, വൈദ്യുതി, കുടിവെള്ളം, ടോയ്‌ലറ്റ് എന്നിവ ഉറപ്പാക്കണം.

4. 5 സെന്റ് സ്ഥലം 600 സ്ക്വയർ ഫീറ്റ് ഫ്ളാറ്റ് സംവിധാനം, ആനുപാതിക നഷ്ടപരിഹാരം എന്നിവ ഉറപ്പാക്കണം.
5. നിലവിൽ കിലോമീറ്ററിൽ 4 മുതൽ 7 കോടി രൂപ കടൽ ഭിത്തി നിർമ്മിക്കാൻ ഉപയോഗിക്കുന്ന പണം ഇതിന് വിനിയോഗിക്കാവുന്നതാണ്.
6. നിലവിലെ ഉപജീവന മാർഗ്ഗങ്ങളായ മത്സ്യബന്ധനം, അനുബന്ധ പ്രവർത്തനം എന്നിവയുടെ പരമാവധി പ്രയോജനം ചോർച്ചയില്ലാതെ മത്സ്യത്തൊഴിലാളി സമൂഹത്തിന് ലഭിക്കുന്ന ഇടപെടലുകൾ ഉ ണ്ട ാകണം.
7. മത്സ്യവിപണന പദ്ധതി, മത്സ്യമാർക്കറ്റ്, മത്സ്യ സമൃദ്ധി പദ്ധതി എന്നിവയുടെ പ്രയോജനം മത്സ്യത്തൊഴിലാളി സമൂഹത്തിന് പ്രയോജനം ലഭിക്കുന്ന തരത്തിൽ പുന:ക്രമീകരിക്കണം.
8. മറ്റ് തൊഴിൽമേഖലയിലേക്ക് കടന്നുചെന്ന് മുഖ്യധാരയിലേയ്ക്ക് പ്രവേശിക്കാൻ സഹായിക്കുന്ന ശാക്തീകരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.
9. ആദിവാസി മേഖലയിലെ എക്കോ ടൂറിസം പോലെ fisher folk ന്റെ പങ്കാളിത്തത്തോടുകൂടിയുള്ള coastal tourism, sport fishing തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കണം.
10. പഞ്ചായത്തുതലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അവർ തിങ്ങിപ്പാർക്കുന്ന പ്രദേശം മത്സ്യത്തൊഴിലാളി കോളനിയായി പ്രഖ്യാപിക്കണം.
11. പുന:രധിവാസത്തിനു വ്യക്തമായ ധാരണ, ഭൂനയം, ഭൂവിനിയോഗം, യാത്രാ സൗകര്യം, ഭവന നിർമ്മാണം, ടോയ്‌ലറ്റ്, മാലിന്യ സംസ്കരണം, കുടിവെള്ളം, അടിസ്ഥാനപരമായ ഭൗതിക സാഹചര്യങ്ങൾ ഉ ണ്ട ാക്കണം.
12. മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്ക് അപകടം സംഭവിക്കുമ്പോൾ സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കണം.
13. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനുമാകണം ഫിഷറീസ് വകുപ്പിന്റെ മുൻഗണന. ജീവനക്കാരുടേയും ഫണ്ടിന്റെയും 1/3 ഭാഗം മത്സ്യസമ്പത്ത് വർദ്ധനവിനും മത്സ്യസമ്പത്ത് പരിരക്ഷിക്കുന്നതിനും മാറ്റി വയ്ക്കണം.
14. തീരശോഷണം (കടലാക്രമണം) പ്രകൃതി ദുരന്ത ഗണത്തിൽപ്പെടുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകൾ മെച്ചപ്പെട്ട പുനരധിവാസ compensation package ആവിഷ്കരിച്ച് നടപ്പാക്കണം.

## V. തീരസംരക്ഷണവും പുനരധിവാസവും

- തീരം നഷ്ടപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്കതിരെ ശക്തമായ നടപടി ഉണ്ടാകണം.
- വിഴിഞ്ഞം പദ്ധതിയുടെ ആഘാത പഠനം മത്സ്യത്തൊഴിലാളി സമൂഹ സംരക്ഷണമായി കണ്ട് പഠനം നടത്തണം
- Erosion Hot spot മുൻകൂട്ടി കണ്ടെത്തി തീരശോഷണത്തിനെതിരെ നടപടി ഉണ്ടാകണം.
- കടലിന്റെ അടിത്തട്ടിലെ ആവാസ വ്യവസ്ഥകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സഹായത്തോടു കൂടി കണ്ടെത്തുകയും അവയുടെ നശീകരണത്തിനിടയാകുന്ന വികസനത്തിന് അനുമതി നൽകുവാനും പാടില്ല.
- KCZMA യിൽ തീരദേശ മത്സ്യത്തൊഴിലാളി പ്രതിനിധികളേയും വിദഗ്ധരെയും ഉൾപ്പെടുത്തുക, ജില്ലാതലത്തിൽ മത്സ്യത്തൊഴിലാളി പ്രതിനിധികളെയും ജില്ലാ ഫിഷറീസ് ഓഫീസറെയും ഉൾപ്പെടുത്തണം.
- തീരദേശത്തെ വിവിധ സോണുകളായി തിരിച്ച് മാപ്പ് തയ്യാറാക്കി പ്രാദേശിക

ആവശ്യങ്ങൾ വിലയിരുത്തി വേണം മാസ്റ്റർ പ്ളാൻ തയ്യാറാക്കാൻ

- തീരം സംരക്ഷിക്കുന്നതിനായി ബയോ ഷീൽഡ് (16 തരം വൃക്ഷതൈകൾ) വച്ച് പിടിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് മുഖ്യ പരിഗണന നൽകണം
- CRZ നിയമത്തെക്കുറിച്ച് പൊതുജനങ്ങളിലുള്ള അവ്യക്തത ഒഴിവാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടപ്പാക്കണം
- മത്സ്യ ഹാർബറുകളുടെ അശാസ്ത്രീയമായ നിർമ്മാണം മൂലം കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ അടിയന്തിരമായ തീരസംരക്ഷണത്തിന് വേണ്ടുന്ന നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്
- മത്സ്യസമ്പത്തിന്റെ വർദ്ധനയും കടലിലെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനും മുന്തിയ പരിഗണന നൽകി വേണം പദ്ധതികൾ ആവിഷ്കരിക്കാനും നടപ്പാക്കുവാനും
- വിവിധ തീരസംരക്ഷണ മാർഗങ്ങൾ പ്രാദേശികമായ പ്രത്യേകതകൾ കണക്കിലെടുത്ത് നടപ്പിലാക്കുന്ന വേളയിൽ മണൽ അധിഷ്ഠിതമായ മാർഗ്ഗങ്ങൾക്കു കൂടി പ്രാധാന്യം നൽകേണ്ടതുണ്ട്.
- പുനരധിവാസം നടത്തുമ്പോൾ ജീവനോപാധി പദ്ധതികൾക്കായി കൂടുതൽ ഫണ്ട് വകയിരുത്തേണ്ടതാണ്.
- തീരസംരക്ഷണത്തിന്റെ ഭാഗമായി കടൽക്ഷോഭ ഭീഷണി നേരിടുന്ന പ്രദേശത്ത് നിന്ന് മത്സ്യത്തൊഴിലാളികളെ പുനരധിവസിക്കുമ്പോൾ ടി പ്രദേശത്തിന്റെ സ്ഥലത്തിന്റെ അവകാശം മത്സ്യത്തൊഴിലാളികളിൽത്തന്നെ നിലനിർത്തണം
- തീരദേശത്തിന് മാത്രമായി ഒരു പാർപ്പിട നയം ഉണ്ടാക്കണം
- "കാട് കാടിന്റെ മക്കൾക്ക്" "കടൽതീരം കടലിന്റെ മക്കൾക്ക്" എന്ന ആശയം മുൻനിർത്തി ഭൂവിനിയോഗ നയം നടപ്പിലാക്കേണ്ടതുണ്ട്
- പുനരധിവാസം നടപ്പാക്കുമ്പോൾ സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ കൂടി നടപ്പാക്കണം
- കടലിലേയും ജലാശയങ്ങളിലേയും പ്ളാസ്റ്റിക് മലിനീകരണത്തിനെതിരെ ബോധവൽക്കരണം നടപ്പാക്കണം
- ജലസേചന വകുപ്പ്, തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഫിഷറീസ് വകുപ്പ്, മത്സ്യത്തൊഴിലാളി പ്രതിനിധികൾ എന്നിവരുടെ സംയുക്ത തീരുമാനപ്രകാരമായിരിക്കണം, തുടർന്നുള്ള തീര സംരക്ഷണ പ്രവർത്തനങ്ങളും, ഫിഷിംഗ് ഹാർബർ പോലുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടപ്പിലാക്കാൻ
- Cumulative impact assessment നടത്തിയതിന് ശേഷമേ തീരദേശത്ത് പുതിയ നിർമ്മിതികൾ പാടുള്ളൂ
- കടൽ മണൽ ഖനന നിരോധനം നടപ്പിലാക്കണം "ബീച്ച് സാന്റ്" ശേഖരണം പൂർണ്ണമായും നിർത്തണം

- കേരള തീരത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലാക്കി മത്സ്യത്തൊഴിലാളികളുടെ പുതിയ ഭവനങ്ങളുടെ നിർമ്മാണം കടലോര മേഖലയിൽ 50 മീറ്ററിനും കായലോരത്ത് 20 മീറ്ററിനും വെളിയിൽ അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടേണ്ടതുണ്ട്
- സംയോജിത തീരദേശ പരിപാലന പദ്ധതി റിപ്പോർട്ട് (ICZMP) തയ്യാറാക്കുന്നതിനായി മേഖലയിൽ പരിചയസമ്പന്നരായ ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധർ, ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്ന ഒരു കർമ്മ സമിതി (Task force) രൂപീകരിക്കുകയും കരട് റിപ്പോർട്ട് അംഗീകാരത്തിനായി സമയബന്ധിതമായി സർക്കാരിനു സമർപ്പിക്കേണ്ടതുമാണ്.

സെക്ഷൻ ഓഫീസർ